# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ ശ്രീമതി.അനുപമ.റ്റി.വി..ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ് ഐ.സി.പി.എസ്-ഓ.ആർ.സി- ജില്ലാ റിസോഴ്സ് സെന്ററുകൾ സജ്ജീകരിയ്ക്കുന്നതിനുള്ള ക്വട്ടേഷൻ അംഗീകരിച്ചുകൊണ്ടും ആയതിനുള്ള തുക അനുവദിച്ച്കൊണ്ടും ഉത്തരവാകുന്നു.

പരാമർശം: 1) 04.11.2020 ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

2) 17.12.2020 ലെ സർക്കാർ ഉത്തരവ് നമ്പർ.G.O.(Rt) No.711/2020/SJD

3) 15.03.2021 ലെ പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം.ഡി.സി.പി.യു/പി.കെ.ഡി/എഫ്/503/2021

## ഉത്തരവ് നമ്പർ ICPS 4(C)/3087/19 തീയതി: 18.03.2021

വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തെ ഓ.ആർ.സിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ റിസോഴ്സ് സെന്ററുകൾ സജ്ജീകരിയ്ക്കുന്നതിന് ജില്ലകളിൽ നിന്നും പ്രൊപ്പോസൽ സമർപ്പിക്കുവാൻ സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. സൂചന (2) പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ഓ.ആർ.സി. ജില്ലാതല റിസോഴ്സ് സെന്റർ സജ്ജീകരിയ്ക്കുന്നതിനായി ഫണ്ട് വിനിയോഗിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. പരാമർശം (3) പ്രകാരം പാലക്കാട് ജില്ലയിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർ ജില്ലാ റിസോഴ്സ് സെന്റർ സജ്ജീകരിയ്ക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസലും ആയതിന്റെ ഇൻവോയ്സും ലഭ്യമാക്കിയിട്ടുണ്ട്.

ടി സാഹചര്യത്തിൽ ജില്ലാ റിസോഴ്സ് സെന്റർ സജ്ജീകരിയ്ക്കുന്നതിനു ലഭ്യമായ പാലക്കാട് ജില്ലയുടെ ക്വട്ടേഷൻ അംഗീകരിച്ചുകൊണ്ടും ആയതിന് ആവശ്യമായ തുകയായ **2,19,014/-** രൂപ (രണ്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി പതിനാല് രൂപ മാത്രം) താഴെപറയും പ്രകാരം പാലക്കാട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

| ക്രമ നമ്പർ | ജില്ല | ജില്ലാ റിസോഴ്സ് സെന്റർ ക്രമീകരണം | അടിസ്ഥാന സൗകര്യങ്ങൾ | വിശ്രമസ്ഥലവും കളിസ്ഥലവും | ഹോണറേറിയം തുക | വായിക്കാനും കളിക്കാനുമുള്ള സാമഗ്രികൾ വാങ്ങുന്നതിന് | ആകെ തുക |
|---|---|---|---|---|---|---|---|
| 1 | പാലക്കാട് | 25,353/- | 1,48,661/- | 25,000/- | 10,000/- | 10,000/- | 2,19,014/- |
| | | | | | ആകെ തുക | | **2,19,014/-** |

**ടി തുക ചുവടെ ചേർക്കും പ്രകാരം അനുവദിക്കേണ്ടതാണ്.**

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | അനുവദിക്കേണ്ട തുക |
|---|---|---|
| 1 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പാലക്കാട് | 2,19,014/- |
| | ആകെ തുക | **2,19,014/-** |

മേൽപട്ടിക പ്രകാരമുള്ള തുക ഓ.ആർ.സി യുടെ ശീർഷകമായ**2235 – 02 – 102 - 36 (P) 01** ലെ സെറ്റിംഗ് അപ്പ് ഓഫ് ഡി.ആർ.സി. എന്ന കംപോണന്റിൽ നിന്നും ആകെ **2,19,014/- (രണ്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി പതിനാല് രൂപ മാത്രം)** ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖാന്തിരം ടി തുക പാലക്കാട് ഡി.സി.പി. ഒ. യ്ക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

ബന്ധപ്പെട്ട പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കൈപ്പറ്റി ഓ.ആർ.സിയുടെ ജില്ലാ റിസോഴ്സ് സെന്റർ സജ്ജീകരിയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും തുക പൂർണ്ണമായും 2021 മാർച്ച് 31 നു മുൻപായി ചെലവഴിക്കേണ്ടതുമാണ്. തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇക്കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

**(ഒപ്പ്)**
**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി, SCPS**

<u>പകർപ്പ്:</u>

1. **ജില്ലാ വനിത ശിശു വികസന ഓഫീസർമാർ** (പാലക്കാട്)
2. **ജില്ലാ ശിശു സംരക്ഷണ ഓഫീസർ** (പാലക്കാട് )
3. **സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,**
4. ICPS 4 & സ്റ്റോക്ക്ഫയൽ

Website

OFFICE OF THE INTEGRATED CHILD PROT... THIRUVANANTHAPURAM-12 ★ WOMEN & CHILD DEVELOPMENT DEPARTMENT ★

**ഉത്തരവിൻ പ്രകാരം**

**പ്രോഗ്രാം മാനേജർ**